K25FY3013 Pages: 2 Reg No:.....
Name:.....

Third Semester FYUGP Degree (Reg) Examination November 2025

KU3MDCMAL105 - LINGAPADAVIYUDE KERALEEYAPARISARAM

2024 Admission onwards

Time : 1.5 hours Maximum Marks : 50

Section A

Answer any 6 questions. Each carry 2 marks.

1. ക്വീർ സിദ്ധാന്തത്തെ സാമാന്യമായി പരിചയപ്പെടുത്തുക

2. സ്ത്രൈണത / സ്ത്രീത്വം (Feminity) എന്ന ആശയത്തെ പരിചയപ്പെടുത്തുക.

3. "ഈ കഥകളിലെ പ്രധാന ബിംബം നഗ്നതയല്ല, മറിച്ച് ശരീരത്തിൽ നിന്ന് ഉത്ഭവിക്കുന്ന എന്നാൽ ശരീരത്തെ ആവരണം ചെയ്യ സൂക്ഷിക്കുന്ന തലമുടിയാണ്" - സാറാ ജോസഫിന്റെ കഥയിലെ പ്രധാനബിംബത്തെക്കുറിച്ച് ജെ ദേവിക സൂചിപ്പിക്കുന്നതെന്ത്?

4. സ്വാത്മപ്രണയിനി എന്ന സ്ത്രീലൈംഗിക വിഷയിമാതൃകയുടെ വിധ്വംസക സാന്നിധ്യം വായിച്ചെടുക്കാനാവുന്ന കഥാകാരികളായി ജെ ദേവിക വിലയിരുത്തുന്നത് ആരെയൊക്കെയാണ്?

5. ഏത് പ്രസ്ഥാനത്തോടെയാണ് ഇക്കോഫെമിനിസം ഇന്ത്യയിൽ പ്രയോഗത്തിൽ വരുന്നത്? 'ഇക്കോഫെമിനിസം' എന്ന പദം ആദ്യമായി ഉപയോഗിച്ചത് ഏത് ഗ്രന്ഥത്തിലാണ്?

6. നക്സൽബാരി പ്രക്ഷോഭത്തെപറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

7. പെണ്ണരശുനാട് എന്ന പേര് കേരളത്തിനു മേൽ പതിയാനിടയായ സാമൂഹിക ഘടകങ്ങൾ എന്തൊക്കെയാണ്?

8. ഗൃഹജീവിതം സ്ത്രീയുടെ മണ്ഡലമാണെന്ന അഭിപ്രായമാണ് ഗാന്ധിജിക്കുണ്ടായിരുന്നതെന്ന് പി ഗീത പറയുന്നത് എന്തുകൊണ്ട്?

Section B

Answer any 4 questions. Each carry 6 marks.

9. കേരളത്തിലെ സ്ത്രീശാക്തീകരണത്തിന് സമാനതകൾ ഇല്ലാത്ത സംഭാവനകളാണ് മിഷനറിമാർ നൽകിയത് - വിശകലനം ചെയ്യുക

10. ആഭരണങ്ങൾ ജാതി സൂചകങ്ങളായി മാറിയതെങ്ങനെ എന്ന് പത്തൊൻപതാം നൂറ്റാണ്ടുവരെയുള്ള കേരളത്ത മുൻ നിർത്തി വിലയിരുത്തുക.

11. വെള്ളം, വായു തുടങ്ങിയ പ്രകൃതി വിഭവങ്ങൾ ഓരോ സാധാരണ പൗരന്റെ യും ആവശ്യകതയ്ക്കു വേണ്ടിയുള്ളതാണ്. അതിനെതിരെയുള്ള ശ്രമങ്ങളെ പ്രതിരോധിക്കേണ്ടത് അവരുടെ കടമയുമാണ്. മയിലമ്മയുടെ പ്രവർത്തനങ്ങൾ ഇതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത് - വിശകലനം ചെയ്യുക.

12. ആധുനിക പൂർവ്വ കേരളത്തിൽ സവർണ്ണ സ്ത്രീകളുമായി താരതമ്യം ചെയ്യുമ്പോൾ കീഴാള സ്ത്രീകൾ സാമൂഹിക സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു എന്ന വിലയിരുത്തൽ സാധ്യമാണോ? വിശകലനം ചെയ്യുക.

13. " യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ " എന്ന വരികളിൽ വാസ്തവത്തിൽ സ്ത്രീ പൂജയല്ല സ്ത്രീനിന്ദയാണുള്ളത് എന്ന് പി ഗീത നിരീക്ഷിക്കുന്നതെങ്ങനെ?

14. ഉപനിഷത്തുകളിലെ സ്ത്രീയാവിഷ്കാരങ്ങളുടെ സ്വഭാവം വിശകലനം ചെയ്യുക.

Section C

Answer any 1 questions. Each carry 14 marks.

15. ഓരോ ജാതിയിലെയും സ്ത്രീ ശരീരം വസ്ത്രധാരണനിയമങ്ങളിലൂടെ നിയന്ത്രിക്കപ്പെട്ടതിന്റെ ചരിത്രം ജാത്യധികാരത്തിന്റെ ത് മാത്രമല്ല പുരുഷാധിപത്യവ്യവസ്ഥയുടേത് കൂടിയാണ്"- ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

16. കേരളത്തിലെ ചിത്രകലയിൽ സ്ത്രീകൾ നടത്തിയ ബദൽ പ്രതിനിധാന ശ്രമങ്ങളെ വിശദീകരിക്കുക.

قل رب زدني علما
SIR SYED COLLEGE
CENTRAL LIBRARY